
ധ്വനി

## സ്റ്റാഫ് എഡിറ്റർ

സിന്ധു ടി കെ

## സ്റ്റുഡൻറ് എഡിറ്റർ

വിഷ്ണുപ്രിയ ടി കെ

## സ്റ്റാഫ് റപ്രസൻററ്റീവ്സ്

ഷാജി കെ വി

വിദ്യ എ കെ

ഷൈമ എം

അജയകുമാർ എം വി

## സ്റ്റുഡൻറ് റപ്രസൻററ്റീവ്സ്

ചന്ദന കെ

ശ്രീലക്ഷ്മി പി

അഥീന ബി കൃഷ്ണ

അമീഷ അനീഷ്

# പ്രധാനാദ്ധ്യാപിക



**ബീന പി**

വിദ്യാർത്ഥികളിലെ സർഗ്ഗശേഷിയും കഴിവുകളും സൃഷ്ടിപരതയും പരിപോഷിപ്പിക്കുക എന്ന ലക്ഷ്യം പ്രാവർത്തികമാക്കുന്നതിൽ ഗവ.മൊറാഴ ഹയർസെക്കൻഡറി സ്കൂളിലെ 2022-25 ലിറ്റിൽ കൈറ്റ്സ് ബാച്ചിന്റെ നേതൃത്വത്തിൽ ഡിജിറ്റൽ മാഗസിൻ തയ്യാറാക്കുന്നതിൽ ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് വിജയിച്ചിരിക്കുന്നു എന്നതിൻെറ ഉത്തമ ഉത്പ്പന്നമാണ് 'ധ്വനി'. കുരുന്നു മനസ്സുകളിലെ കഴിവുകൾ വർണ്ണ ശബളമായ പുതുമയുള്ള വിഭവങ്ങളായി രൂപപ്പെട്ടിരിക്കുന്നു. മാഗസിനുവേണ്ടി അണിയറയിൽ പ്രവർത്തിച്ച് അതിനുവേണ്ട പ്രോത്സാഹനവും പ്രേരണയും നൽകിയവർക്കും പ്രതിഭകൾക്കും അനുമോദിച്ചുകൊണ്ട് എല്ലാ ആശംസകളും നേരുന്നു.

## <u>മുഖക്കുറിപ്പ്</u>

പറഞ്ഞുകേൾക്കുന്നതിനപ്പുറം അർത്ഥത്തെ ഉൾവഹിക്കുന്ന വാക്കാണ് '**ധ്വനി**'. വാച്യാർത്ഥത്തെ കടന്നു നിൽക്കുന്ന വ്യംഗ്യാർത്ഥമാണ് ധ്വനി. ധ്വനിക്ക് ശബ്ദം എന്നൊരർത്ഥം കൂടി കൽപ്പിക്കാറുണ്ട്. ഇവിടെ വ്യത്യസ്ത അഭിരുചികളുടെ മേളനമായി ധ്വനി മാറുന്നു. കഥ, കവിത, ചിത്രങ്ങൾ, ആസ്വാദനക്കുറിപ്പുകൾ, ലേഖനങ്ങൾ എന്നിങ്ങനെ നാനാതരം ആവിഷ്ക്കാരമായി ഈ മാഗസിൻ നിങ്ങൾക്കുമുന്നിലേക്കെത്തുകയാണ്.

സിന്ധു ടി കെ
സ്റ്റാഫ് എഡിറ്റർ

## എഡിറ്റോറിയൽ


നന്മയും തിന്മയും അജ്ഞാതമായി ഇന്റർനെറ്റിന്റെ ശ്യാമധുമത്തിൽ അകപ്പെട്ടുപോകുന്ന ഈ കാലഘട്ടത്തിലും സർഗ്ഗാത്മകതയാലും കരവിരുതാലും രചനകളുടെ കലിക വിടർത്തുന്ന ഞങ്ങൾ ഒരു കൂട്ടം കൗമാരക്കാരുടെ 'ധ്വനി' ഈ താളുകളിൽ പ്രതിധ്വനിക്കുന്നു.

സ്നേഹ പൂർവ്വം

വിഷ്ണുപ്രിയ ടി കെ
സ്റ്റുഡന്റ് എഡിറ്റർ

## ഉള്ളടക്കം

സ്ത്രീ....6
മ്യൂറൽ പെയ്ന്റിംങ്ങ് 10 ബി....9
*സംസ്കൃതി സഹജീവന കേന്ദ്രം*....10
ചങ്ങാതി മരം....13
എന്റെ അമ്മയ്ക്ക്....1
സർവ്വജിത്തിന്റെ സമുദ്ര സഞ്ചാരം....1
പെയ്തൊഴിയുമ്പോൾ....3
സൗഹൃദം....1
പുഴക്കടവിലെ സൗന്ദര്യം....1
ലഹരി അല്ല ജീവിതം ജീവിതമാണ് ലഹരി....2
പുതുമഴ....1
ആ ദിവസം....1
വീണ്ടും ഒരു മഞ്ഞു കാലം....1
THE DARKNESS....1



# സ്ത്രീ

വിറ്റുപോകുന്ന അവൾ , സ്ത്രീ

സ്ത്രീധനത്താൽ വിറ്റ പോകുന്ന

ഭർത്തൃ ഗൃഹത്തിലേക്ക് നരഗത്തിലേക്ക്

പൊഴിഞ്ഞുപോകുന്ന അവൾ തൻ ജീവിതം

അമ്മയാണ് സോദരിയാണ്

പുത്രിയാണവൾ

വിറ്റുപോകുന്ന വിസ്മയങ്ങൾ .....

എത്രയോ കുങ്കുമങ്ങൾ രക്തമായി ഒഴുകുന്നു

നിശബ്ദമാം തരംഗമായി മാതൃസ്നേഹം കാണാൻ

അന്ധമായി നിൽക്കുന്നു ചില കണ്ണുകൾ

സ്ത്രീയെ നീയെന്നും നിശബ്ദം

മുഖം പൊഴിഞ്ഞ സ്നേഹപുഷ്പം

വേണ്ടുവതെങ്കിൽ മായ്ക്കണം

സിന്ദൂരവും..... നിൻ ജീവിതത്തിനായി

സ്വപ്നം കാണാം ....പറത്താം

പെൺ പൂമ്പാറ്റകളായി

ചിറകുള്ള മാനസകളായി

ഉത്രയായി ,വിസ്മയയായി,

സുന്ദര സ്ത്രീ രൂപങ്ങളായി

മഹാലക്ഷ്മിയെന്ന പോൽ

വന്ദിക്കാം സ്ത്രീയെ

മാനസകളായി വിസ്മയകളായി

ഉത്രകളായി പറക്കുന്ന ചിറകുള്ള ശലഭങ്ങളായി

ശ്രേഷ്ഠമാം സിന്ദൂരം

വാഴട്ടെ വിസ്മൃതിയിൽ

**വിഷ്ണുപ്രിയ ടി കെ**
**10 എ**



ഗൗതം ഹേമന്ത്

## മ്യൂറൽ പെയ്ന്റിംങ്ങ്

**10 ബി**





## *സംസ്കൃതി സഹജീവന കേന്ദ്രം*

------------------------------------

ഒരുപാട് നൂറ്റാണ്ടുകളുടെ ഓർമ്മകൾ നിറഞ്ഞ ഒരു ഇല്ലം.

ഇവിടെ എത്തിയപ്പോൾ പഴയകാലത്തെ തൊട്ടറിഞ്ഞത് പോലെയുള്ള തോന്നൽ. മണ്ണിനും വായുവിനും ഒക്കെ ഒരു പ്രത്യേക തണുപ്പ്. ഇല്ലത്തിന്റെ നാല് ഭാഗങ്ങളും വാനോളം ഉയർന്നു പൊങ്ങിയ മരങ്ങളാലും ചെറിയ ചെറിയ സസ്യങ്ങളാലും സമൃദ്ധമാണ്.

പത്തുനാല്പ്പത് വർഷങ്ങൾക്കു മുമ്പ് നമ്പൂതിരി സമുദായത്തിന്റെതായിരുന്ന ഈ ഇല്ലം ഇപ്പോൾ നോക്കി നടത്തുന്നത് ഒരു ഫാദർ ആണ്.

എപ്പോഴും പുഞ്ചിരിച്ചു കൊണ്ടിരിക്കുന്ന ആ മനുഷ്യന്റെ മുഖം കണ്ടപ്പോൾ എന്തിന് ഞാനൊക്കെ സന്തോഷം ഉള്ളിൽ അടക്കിവെച്ചിരിക്കുന്നു? എന്ന് എന്നോട് തന്നെ ഒരു നിമിഷം എനിക്ക് പുച്ഛം തോന്നിപ്പോയി......

ഇന്ന് ഇവിടെ ഓണാഘോഷമാണ്. എല്ലാവരും ഓണാഘോഷം മനോഹരമാക്കാനുള്ള തിരക്കിലാണ്.

ഞാൻ ഇല്ലം ഒക്കെ ഒന്ന് ചുറ്റി കണ്ടതിനുശേഷം അവിടെയുള്ള ഊഞ്ഞാലിൽ പോയി ഇരുന്നു.

ചുറ്റുപാടുമൊക്കെ ഒന്നുകൂടി കണ്ണോടിച്ചു ദീർഘമായി ശ്വാസം വലിച്ചെടുത്ത് സാവധാനം വിട്ടു.

ഹാ...........

മനസ്സിൽ പറഞ്ഞു :

"എന്തു മനോഹരമാണ് ഇവിടം"

ഓണസദ്യക്കുശേഷം കലാപരിപാടികൾ ആരംഭിച്ചു. ഒരുകൂട്ടം അമ്മമാരുടെ നൃത്തം ആയിരുന്നു ആദ്യം. പ്രായത്തെ വെല്ലുവിളിക്കുന്ന തരത്തിലുള്ള ചുവടുകൾ കൊണ്ട് മനോഹരമായിരുന്നു അത്........

പിന്നെ നല്ല നല്ല ഗായകരുടെ പാട്ടുകൾ.......

ഇതിന്റെ ഇടയിൽ എന്റെ ചെറിയ ഒരു പരിപാടി ഉണ്ടായിരുന്നു. എനിക്കുശേഷം കുറച്ചു കുട്ടികളുടെ നൃത്തം ആയിരുന്നു.

കളിച്ച ക്ഷീണത്തിൽ ഞാൻ ഒരു മൂലയിൽ ഇവരുടെ നൃത്തം കാണാൻ ഇരുന്നു.

നൃത്തത്തിൽ അലിഞ്ഞിരിക്കുന്ന എന്റെ ചിന്ത പെട്ടെന്ന് വഴി മാറി.

ആ കുട്ടികളും ഞാനും തമ്മിൽ എന്താണ് വ്യത്യാസം?

അവരുടേതു പോലെ കൈകളും കാലുകളും ഉണ്ട്, അവരും ഞാനും മനുഷ്യരാണ്..........

ഇങ്ങനെയൊക്കെ പറഞ്ഞ് എന്റെ മനസ്സിനെ ആശ്വസിപ്പിക്കാൻ ശ്രമിക്കുന്നതിനിടയിൽ അവരിൽ ഒരു കുട്ടി എന്നെ നോക്കി പുഞ്ചിരിച്ചു.

ഒരുതവണയല്ല,ഞാൻ ഇരിക്കുന്ന ഭാഗത്തേക്ക് തിരിയുന്ന ചുവടുകളിൽ എല്ലാം അവൾ എന്നെ നോക്കി പുഞ്ചിരിക്കുന്നുണ്ടായിരുന്നു......

ആ നിഷ്കളങ്കമായ ചിരിക്ക് രണ്ടു പ്രാവശ്യം അല്ലാതെ അതിൽ കൂടുതൽ എനിക്ക് മറുപടി കൊടുക്കാൻ കഴിഞ്ഞില്ല.

മൂന്നാമത്തെ തവണ അവൾ എന്നെ നോക്കി പുഞ്ചിരിച്ചപ്പോൾ എന്റെ കണ്ണുകൾ പതിയെ നിറയാൻ തുടങ്ങി.

അവളെ തന്നെ ഞാൻ നോക്കിയിരുന്നു..........

എന്റെ കണ്ണുകൾ നിറഞ്ഞു കവിഞ്ഞിരിക്കുന്നു.

തൊട്ടാൽ കരയുന്ന എന്റെ മനസ്സിനെ ഇത് താങ്ങാവുന്നതിലും അധികമായിരുന്നു.

നിറഞ്ഞുകവിഞ്ഞ എന്റെ കണ്ണുനീരുകളെ പുറത്തുകാണിക്കാനുള്ള മടി കാരണം അവിടെ നിന്നും ഇല്ലത്തിന്റെ മുറ്റത്തേക്ക് ഓടി.

പാട്ടിന്റെ ശബ്ദം കാരണം എന്റെ കരച്ചിൽ ആരും അറിഞ്ഞില്ല.

എന്റെ പിറകെ തന്നെ എന്റെ കണ്ണുകൾ നിറഞ്ഞതു കണ്ട ഒരൊറ്റ സാക്ഷി എന്ന മട്ടിൽ ശ്രീജ ചേച്ചി വന്നു.

: എന്തിനാണ് കരഞ്ഞേ?

' എനിക്ക് അവരുടെ നൃത്തം കാണാൻ കഴിയുന്നില്ല,ഞാനിങ്ങു പോന്നു...'

എനിക്ക് മറുപടി പറയാൻ കഴിയുന്നുണ്ടായിരുന്നില്ല അങ്ങനെയൊക്കെ ഞാൻ അത് പറഞ്ഞുഒപ്പിച്ചു.

'ഹാ..... നീ പതുക്കെ റിലേക്സ് ആയി അങ്ങോട്ടേക്ക് വാ ' - എന്നും പറഞ്ഞ് സമാധാനിപ്പിച്ച് ചേച്ചി ഉള്ളിലേക്ക് പോയി.

ചേച്ചി ഉള്ളിലേക്ക് പോയതും ഞാൻ പതിയെ ഊഞ്ഞാലിൽ ഇരുന്നു. ഊഞ്ഞാലിന്റെ ഒരു കയറിനെ ഞാൻ ബലമായി പിടിച്ച് അതിലേക്ക് ചാരിയിരുന്നു.

എന്റെ മനസ്സിൽ അപ്പോഴും ആ കുട്ടിയുടെ ചിരിക്കുന്ന മുഖമായിരുന്നു.

എന്തിന് സൃഷ്ടാവേ ......

ഇങ്ങനെയൊരു വിധി !

എന്ന് ഒരു നിമിഷം ഞാൻ ചോദിച്ചു പോയി.

പെട്ടെന്ന് പിന്നിൽ നിന്നും ഒരു കയ്യടിയുടെ ശബ്ദം.

അത് ആ കുട്ടികളുടെ നൃത്തത്തിന് കിട്ടിയ അഭിനന്ദനങ്ങൾ ആയിരുന്നു.

ഇത്രയായിട്ടും എനിക്ക് എഴുതാൻ തോന്നുന്നില്ല!

എന്തിന്..........

അങ്ങനെ ചിന്തിക്കാൻ കൂടി കഴിയുന്നില്ല.........

"അവർ അനാഥരാണെന്ന്"........

**ചന്ദന കെ**
**10 എ**

## ചങ്ങാതി മരം



ഒരിടത്ത് ഒരു ഗ്രാമം ഉണ്ടായിരുന്നു അതിസുന്ദരമായ ഗ്രാമം പുഴകളും വെള്ളച്ചാട്ടങ്ങളും വയലുകളും ഒക്കെയുള്ള ഒരു ഗ്രാമം അവിടെ മീനു എന്ന ഒരു കുട്ടി ഉണ്ടായിരുന്നു അവൾക്ക് പ്രകൃതിയെ വളരെയധികം ഇഷ്ടമായിരുന്നു അവളുടെ വീട്ടിൽ വലിയ പൂന്തോട്ടവും ഒരു വലിയ മുത്തശ്ശിമാവും ഉണ്ടായിരുന്നു ആ പൂന്തോട്ടം എന്നും വണ്ടുകളെയും പൂമ്പാറ്റകളെയും കൊണ്ട് നിറഞ്ഞിരിക്കും അവൾക്ക് കളിക്കാൻ സഹോദരങ്ങളായി ആരുമില്ല അതുകൊണ്ട് അവൾ ദിവസവും പൂന്തോട്ടത്തിൽ വന്ന് പൂക്കളും പൂമ്പാറ്റകളെയും നോക്കി സംസാരിച്ചുകൊണ്ടിരിക്കും പക്ഷേ കൂടുതൽ നേരവും അവൾ മുത്തശ്ശിമാവിൻ അടുത്താണ് അവൾക്ക് ഏറെ പ്രിയപ്പെട്ട മാവാണ് അത് ദിവസവും അവൾ അതിന്റെ തണലിൽ ഒറ്റയ്ക്കിരുന്ന് മരവുമായി വർത്താനം പറയും മാങ്ങയുടെ കാലമാണെങ്കിൽ അതിൽ നിറയെ മധുരമുള്ള തേൻ പോലെയുള്ള മാങ്ങകൾ ഉണ്ടാവും അത് അത് മീനുവിന് വളരെ ഇഷ്ടമാണ് മുത്തശ്ശി മാവിൽ നിറയെ പക്ഷികളുടെ കൂട്ടമുണ്ട് വേനൽക്കാലം ആണെങ്കിൽ ആ മരത്തിന്റെ ചുവട്ടിൽ ഇരിക്കാൻ എന്തു രസമാണ് ഇതൊക്കെ കൊണ്ട് മീനുവിന് ഏറെ പ്രിയപ്പെട്ട ഒന്നാണ് മുത്തശ്ശിമാവ് ഒരു ദിവസം രാവിലെ അവൾ പൂന്തോട്ടത്തിലേക്ക് പോവുകയായിരുന്നു അപ്പോഴാണ് അവൾ അമ്മയും അച്ഛനും എന്തോ സംസാരിക്കുന്നത് കേട്ടത് എന്താണ് എന്ന് അറിയാൻ അവൾ അവിടെ നിന്ന് ശ്രദ്ധിച്ചു അതുകേട്ടപ്പോൾ അവളുടെ കണ്ണിൽനിന്ന് കണ്ണുനീർ വരുന്നുണ്ടായിരുന്നു മുത്തശ്ശിമാവിനെ മുറിക്കാൻ പോവുകയാണ് അവൾക്ക് വളരെയധികം വിഷമമായി അവളുടെ പ്രിയപ്പെട്ട മരം മുറിക്കാൻ മറ്റന്നാൾ ആൾക്കാർ വരുമെന്ന് അച്ഛൻ അമ്മയോട് പറയുന്നത് അവൾ കേട്ടിരുന്നു. അവൾ വേഗത്തിൽ തന്റെ മുറിയിലേക്ക് ഓടിക്കിടക്കയിൽ കിടന്ന് കരയാൻ തുടങ്ങി അവൾ എന്തൊക്കെയോ ചിന്തിച്ചു കൊണ്ടാണ് കരയുന്നത് കുറച്ചു സമയത്തിന് ശേഷം അവൾ എഴുന്നേറ്റ് കണ്ണുനീർ തുടച്ച് അച്ഛന്റെയും അമ്മയുടെയും അടുത്തേക്ക് പോയി. അവളെക്കൊണ്ട് അമ്മ ചോദിച്ചു മുഖം കലങ്ങി ഇരിക്കുന്നല്ലോ എന്തിനാണ് നീ കരഞ്ഞത് അവൾ കരഞ്ഞുകൊണ്ട് പറഞ്ഞു മുത്തശ്ശിമാവിനെ മുറിക്കാൻ പോവുകയാണല്ലോ അത് നീ എങ്ങനെ അറിഞ്ഞു അച്ഛൻ ചോദിച്ചു ഞാൻ നിങ്ങൾ പറയുന്നത് കേട്ടിരുന്നു ശരി ശരി കരയാതെ അച്ഛൻ പറഞ്ഞു അമ്മ ദയവായി അതിനെ വെട്ടരുത് പ്രിയപ്പെട്ട മാവാണ് അവൾ കരഞ്ഞുകൊണ്ട് തുടർന്നു നിങ്ങൾക്കറിയില്ലേ അതിലെ മധുരമായ മാങ്ങകൾക്ക് എത്ര രുചിയാണ്. എത്രയെത്ര

പക്ഷികളാണ് അതിൽ കൂട്ടുകൂട്ടിയിരിക്കുന്നത് വേനൽ കാലങ്ങളിൽ അതിന്റെ ചുവട്ടിലെ തണലിൽ ഇരിക്കാൻ എന്ത് സുഖമാണ് അവളുടെ സങ്കടത്തെയും അവൾ പറഞ്ഞ കാര്യങ്ങളും അവർ ഓർത്തു എന്നിട്ട് മുഖാമുഖം നോക്കി.എന്നിട്ട് അവളെ നോക്കി പറഞ്ഞു നിനക്ക് ഞാൻ

ഉറപ്പ് തരുന്നു. ഇനി ഞങ്ങൾ ഈ മരം മുറിക്കില്ല അത് കേട്ടപ്പോൾ അവൾക്ക് സന്തോഷം തോന്നി അവൾ അച്ഛനെയും അമ്മയും കെട്ടിപ്പിടിച്ച് ഉമ്മ കൊടുത്തു അങ്ങനെ ആ മുത്തശ്ശി മരം അവൾക്ക് തേൻ പോലെ മധുരമായ മാങ്ങകൾ നൽകിക്കൊണ്ടേയിരുന്നു .

**അനന്യ പി**

**9 സി**



## എന്റെ അമ്മയ്ക്ക്

അ അമ്മ എന്നുരുവിട്ട്

ആദ്യാക്ഷരം കുറിച്ച ഞാൻ

അമ്മ എന്നതിനർത്ഥം അറിയുവാൻ

അന്നിന്റെ ബുദ്ധിമതിയായില്ലൊട്ടുമേ

പാൽപല്ലുകൾ കൊഴിയവേ

പൂമേനി തളിർക്കവേ

യൗവനം ആതിഥ്യമേകവേ

'അമ്മ' എന്ന വിശ്വ സ്വരൂപത്തെ

സ്വന്തമായി, സർവ്വമായി, ഉൾക്കൊണ്ടു ഞാൻ

പുഞ്ചിരിയായി, തലോടലായി മാറുന്ന

സ്നേഹം, സ്നേഹമാണെന്റമ്മ

വീഴുമ്പോൾ താങ്ങായി, വേദനയിൽ കൂട്ടായി

പഠനത്തിൽ ഊർജ്ജമായി

## ധ്വനി

ജീവിത ദർശനമായി എന്നെന്നും കൂട്ടായി

ഈശ്വരൻ എനിക്കേകിയ നിധിയാണെന്റമ്മ

അടിയും വഴക്കുമായി ദുഃഖങ്ങളേകവേ

നിന്ദന വാക്കുകൾ പലതും പൊഴിക്കവേ

അനുസരണ പലതും മറക്കവേ

അമ്മതൻ നെഞ്ചിലോ വിങ്ങലുകൾ ഏറെയായി

**ആദിദേവ് സി**

**9 സി**



### കഥാ ആസ്വാദനം

## സർവ്വജിത്തിന്റെ സമുദ്ര സഞ്ചാരം

പ്രശസ്ത കഥാകൃത്ത് മാലി എന്നറിയപ്പെടുന്ന വി മാധവൻ നായർ എഴുതിയ കഥയാണ് സർവ്വജിത്തിന്റെ സമുദ്ര സഞ്ചാരം അയാൾ അനുഭവിച്ച സംഘർഷങ്ങളും അനുഭവങ്ങളുമാണ് ഈ കഥയിൽ പ്രതിപാദിക്കുന്നത് സമുദ്ര സഞ്ചാരമാണ് സർവ്വത്തിന്റെ സംരംഭം ഇന്ത്യയെ ചുറ്റി ഒരു തോണി യാത്ര ചെയ്യണം കാളി ഘട്ടത്തിൽ തുടങ്ങി സിന്ധു നദീ സമുദ്രത്തിൽ ചേരുന്നിടത്ത് എത്തണം. ഇടയ്ക്കിടയ്ക്ക് പുരാതനങ്ങളായ ക്ഷേത്രങ്ങൾ സന്ദർശിച്ച് പ്രാർത്ഥിക്കണം സർവജിത്ത് ഒരു സാഹസികനാണ് ഒന്ന് നിശ്ചയിച്ചാൽ അത് ചെയ്തേ അടങ്ങൂ അയാൾ യാത്ര തുടങ്ങി കാളി ഘട്ടത്തിൽ എത്തി അവിടെ നിന്ന് അക്ഷയ ബാബു എന്ന തോണിക്കാരനെ പരിചയപ്പെട്ടു കിടപ്പിലായതിനാൽ രോഗം മാറുന്നതുവരെ സർവജിത്ത് കാത്തിരുന്നു. അക്ഷയ് ബാബു സർവ്വജിത്തിന് രാജഹംസം എന്ന തോണി നൽകി ബ്രിട്ടീഷുകാർക്കൊപ്പം നിന്ന് ഇന്ത്യക്കെതിരെ യുദ്ധം ചെയ്യുന്ന അക്ഷയ ബാബുവിന്റെ മകൻ പ്രമോദിനെ കുറിച്ച് സംസാരിക്കുകയുണ്ടായി നാലു വർഷം മുമ്പ് നാട് വിട്ടുപോയ മകന്റെ വേർപാടിൽ ദുഃഖിതരായിരുന്നു വൃദ്ധ ദമ്പതികൾ സർവജിത്ത് പ്രമോദിനെ അന്വേഷിച്ച ശേഷമേ സമുദ്ര സഞ്ചാരം നടത്തുകയുള്ളൂ എന്ന് അക്ഷയ് ബാബുവിനെ ഉറപ്പു നൽകി യാത്ര തുടങ്ങി. ഫാമിലി തന്റെ കൂടെ പ്രമോദ് ഇംഗ്ലണ്ടിൽ പോയി എന്ന് ലൈവ് സായിപ്പിൽ നിന്ന് സർവജിത്ത് അറിഞ്ഞു. സർവജിത്ത് രാജഹംസത്തിൽ കയറി പ്രമോദിനെ തേടി യാത്ര തുടങ്ങി ദിവസങ്ങൾ കഴിഞ്ഞു സർവ്വജിത്ത് ഒരു ദ്വീപിൽ എത്തി അവിടെ ജലാലി എന്ന ഗോത്ര വിഭാഗക്കാരെ പരിചയപ്പെട്ടു അവർ സർവജിത്തിനെ ഭഗവാൻ എന്ന് വിളിച്ചു ജലാലിക്കാരുടെ ശത്രുക്കൾ ഭ്രവാലിക്കാരാണ് അവരുമായി ജലാൽക്കാർ ഏറ്റുമുട്ടിക്കാർ പിടിച്ചുകൊണ്ടുപോയ സ്ത്രീകളെ രക്ഷപ്പെടുത്തി പിന്നീട് സർവജിത്ത് പുരിയിലെ ജഗന്നാഥ ക്ഷേത്രത്തിലേക്ക് യാത്രതിരിച്ചു പകുതി ദൂരം ആകുമ്പോഴേക്കും സർവ്വത്ത് ഒരു ചുഴിയിൽ അകപ്പെട്ടു അതിൽ നിന്ന് അത്ഭുതകരമായി

രക്ഷപ്പെട്ട് ജഗന്നാഥ ക്ഷേത്രത്തിൽ ദർശനം നടത്തി വഴിയരികിൽ ആളുകൾ കൂടി നിൽക്കുന്നത് കണ്ട് സർവജിത്ത് അങ്ങോട്ട് പോയി രണ്ട് ദിവസം മുമ്പ് കൊള്ളക്കാർ വന്ന് അവിടെയുള്ളതെല്ലാം കൊണ്ടുപോവുകയും ഉസ്മാൻ എന്നയാളെ കൊല്ലുകയും രജനി എന്ന സ്ത്രീയെ കൊണ്ടുപോവുകയും ചെയ്തു കൊള്ളക്കാരിൽ വന്നത് പ്രമോദ് ആണെന്നും അവർ ഇംഗ്ലണ്ടിലേക്ക് പോയിട്ടില്ലെന്നും മനസ്സിലായി സർവ്വശിത് കൊള്ളക്കാരെ പലസ്ഥലങ്ങളിലും അന്വേഷിച്ചു അതിനായി വീണ്ടും പുറംകടലിൽ കടന്നു അവിടെവച്ച് മനുഷ്യരെ കാണുകയും അവിടത്തെ രാജ്ഞി തന്റെ പുത്രിയായ നീലേശ്വരിയെ വിവാഹം കഴിക്കണമെന്നും പറഞ്ഞു അവിടെ നിന്നും രക്ഷപ്പെടുന്നത് വരെ നീലേശ്വരിയും ആയി സർവ്വ സൗഹൃദം പ്രാപിച്ചു എട്ടു പയ്യൻ ജന്തുവിൽ നിന്നും രക്ഷപ്പെടുത്തിയ നീലേശ്വരിയോട് തന്നെ വിട്ടേക്കണം എന്ന് സർവജിത്ത് ആവശ്യപ്പെടുകയും സർവ്വത്തിനെ വിട്ടയക്കുകയും ചെയ്തു തുടർന്നുള്ള യാത്രയിൽ പ്രമോദിന്റെ കൊള്ള കപ്പലിനെ കണ്ടെത്തുകയും അവിടെയും അല്ല യുദ്ധത്തിൽ ജയിക്കുകയും പ്രമോദിന്റെ കപ്പലിലെ ഒരംഗം ആവുകയും ചെയ്തു തിന്മ ചെയ്യുന്ന പ്രമോദമായി സർവജിത്ത് മത്സരിക്കുകയും സർവ്വജീവിക്കുകയും ചെയ്ത മീൻ പിടുത്തക്കാർ രക്ഷിക്കുകയും ശുശ്രൂഷിക്കുകയും ചെയ്തു സർവ്വശക്ത വീണ് യാത്ര തുടങ്ങി ഒരിക്കൽ ബ്രിട്ടീഷുകാർ അഗ്നിക്കിരയാക്കിയ കപ്പലിൽ നിന്നും പ്രമോദിനെ രക്ഷപ്പെടുത്തി പ്രമോദിനെ തന്റെ തെറ്റ് മനസ്സിലാവുകയും മാതാപിതാക്കളുടെ അടുത്ത് പോവുകയും ചെയ്തു സർവ്വശത്ത് അവിടെ നിന്നും വീണ്ടും യാത്ര തുടങ്ങി സമുദ്ര ദേവതമാരുടെയും പ്രകൃതിശക്തികളുടെയും സഹായത്തോടെ തിന്മയുടെ സർവ്വ മുന്നേറ്റങ്ങളെയും തകർത്തെറിയുന്ന സർവ്വത്തിന്റെ സാഹസികമായ സമുദ്ര സഞ്ചാരം കഥാകൃത്ത് ഈ കഥയിലൂടെ വരച്ചു കാട്ടുന്നു. കഥാകൃത്ത് മനസ്സിൽ നന്മയും ധൈര്യവും ഉണ്ടെങ്കിൽ നമുക്ക് ലക്ഷ്യസ്ഥാനത്ത് എത്താൻ കഴിയും എന്ന് സന്ദേശമാണ് ഈ കഥ നമുക്ക് തരുന്നത്

**ശ്രീലക്ഷ്മി പി**
**9 സി**

## പെയ്തൊഴിയുമ്പോൾ



പിച്ചവച്ചിഴഞ്ഞു പതിയെ പോകും വഴി

അടിതെറ്റി അകലേക്ക് മായുമ്പോഴേക്കും

അറിയാതെ വന്നൊരു പച്ചിലയെന്നെ

കൈപിടിച്ചു മാറിൽ കയറ്റി

കളകളം ഒഴുകും പുഴയിൽ ഞാൻ അനാഥനെ -

പോലെ നോക്കി നിന്നു

എന്റെ പരിഭ്രമം ആരും കണ്ടില്ല ....

എന്റെ പരിഭ്രമം ആരും കേട്ടില്ല

മഴത്തുള്ളികൾ പൊഴിഞ്ഞീടുമെൻ

കടൽ നിറഞ്ഞിരിക്കുന്നു

ആരോട് പറയാൻ ആര് കേൾക്കാൻ

ഒരു അനാഥനെപ്പോൽ ഞാൻ അത് നോക്കി നിന്നു

മഴത്തുള്ളികൾ പെയ്തൊഴിയുമ്പോൾ തൻ

ലോകം നശിച്ചുപോകുന്നു

ഞാൻ സങ്കടത്താൽ അത് നോക്കി നിന്നു

കളകളം പുഴയിൽ ഞാൻ നോക്കിനിൽക്കും നേരം

പ്ലാസ്റ്റിക് കൂട്ടങ്ങളും മറ്റു ചപ്പുചവറുകളും

അത് എവിടേക്ക് പോകുമെന്ന് അറിയില്ല .....

എങ്ങോട്ട് പോകുന്നെന്നറിയില്ല ....

## ധ്വനി

മഴയുടെ ശക്തിയിലത് കരയിലേക്ക് ഒഴുകുന്നു

എന്റെ പരിഭ്രമം ആരും കണ്ടില്ല....

എന്റെ പരിഭ്രമം ആരും കേട്ടില്ല

കരയിലാകട്ടെ

മഴയിൽ കെട്ടി നിൽക്കുന്ന

പ്ലാസ്റ്റിക്കും മറ്റു ചപ്പുചവറുകളും

മഴയുടെ ശക്തി കൂടുന്നു....

ഇടിയുടെ ശബ്ദം മുഴങ്ങുന്നു....

മിന്നലിന്റെ വെളിച്ചം കൂടുന്നു....

മഴയെന്നെ ഇരുട്ടിലേക്ക് നയിച്ചു

ഒരു അനാഥനെപ്പോൽ ഞാൻ പേടിച്ചു വിറച്ചു....

മഴകൊണ്ടു മൂടുന്ന ലോകത്ത് നിന്ന്

ഞാൻ വെളിച്ചത്തേക്ക് ഒഴുകുമെന്നൊരു സ്വപ്നം

മഴ കൊണ്ടാകട്ടെ എൻ ജീവിതം

കാത്തിരിക്കും ഞാൻ എപ്പോഴും എൻ ജീവിതത്തിൽ

സുഖങ്ങളും സൗഭാഗ്യങ്ങളും കൊണ്ട് നിറയാൻ

മഴ പെയ്തൊഴുകുന്നത് പോലെയാകട്ടെ എൻ ജീവിതം

കാത്തിരിക്കാം കാതോർത്തിരിക്കാം

എൻ ജീവിതം സുഖങ്ങളാൽ നിറയാൻ.

**റിയ കെ**
**8 സി**



## സൗഹൃദം

ഒരു ഗ്രാമത്തിൽ അപ്പു എന്ന് പേരുള്ള ഒരു പയ്യൻ താമസിച്ചിരുന്നു. അവൻ എല്ലാകാര്യത്തിനും മിടുക്കനാണ്. ആ ഗ്രാമത്തിലെ പൊന്നോമന തന്നെയായിരുന്നു അവൻ. പത്താം തരത്തിൽ മുഴുവൻ വിഷയങ്ങളിലും എ പ്ലസ് നേടിയാണ് ജയിച്ചത്. പഠനത്തിൽ മാത്രമല്ല ആരോട് എങ്ങനെ പെരുമാറണം എന്നും അവന് നല്ല ബോധം ഉണ്ടായിരുന്നു. അവന്റെ അച്ഛനും അമ്മയ്ക്കും ആണായിട്ടും പെണ്ണായിട്ടും അവൻ മാത്രമേ ഉണ്ടായിരുന്നുള്ളൂ. അവർ അവനെ കുറിച്ച് ഓർത്ത് ഓരോ നിമിഷവും അഭിമാനം കൊണ്ടു.  അവൻ പഠിക്കുന്ന സ്കൂൾ ആണേൽ അത്യുഗ്രനായിരുന്നു. അവിടെ അധ്യാപകർ എന്നോ കുട്ടികളെന്നോ ഉള്ള വേർതിരിവു പോലും ഉണ്ടായിരുന്നില്ല. എല്ലാവരും ഒരുപോലെ. അവൻ അവിടെ ചെറുപ്പം തൊട്ട് പഠിക്കുന്നതാണ് അതുകൊണ്ടുതന്നെ ഒരുപാട് കൂട്ടുകാർ ഉണ്ടായിരുന്നു. സ്കൂളിലെ എല്ലാ അധ്യാപകർക്കും ഒരുപോലെ പ്രിയപ്പെട്ടവൻ ആയിരുന്നു അപ്പു. ആ സ്കൂളിൽപത്താം ക്ലാസ് വരെ മാത്രമേ ഉണ്ടായിരുന്നുള്ളൂ .10 കഴിഞ്ഞതോടുകൂടി അപ്പുവിന് സ്കൂൾ മാറേണ്ടി വന്നു നിർഭാഗ്യവശാൽ അവന്റെ പുതിയ സ്കൂളിലെ ആദ്യ വർഷവും രണ്ടാമത്തെ വർഷം പകുതിയും ലോകത്തെ മുഴുവൻ തളർച്ചയിലേക്ക് നയിച്ച കൊറോണ എന്ന മഹാവിപത്ത് കൊണ്ടുപോയി. നീണ്ട ഇടവേളക്ക് ശേഷം സ്കൂൾ തുറന്നു. അപ്പോഴേക്കും അവന്റെ ജീവിതത്തിൽ ഒരുപാട് മാറ്റങ്ങൾ സംഭവിച്ചിരുന്നു കൊറോണ കാരണം ലോക്ക് ഡൗൺ എല്ലാം വന്നതിനു പിന്നാലെ അവൻ വീട്ടിൽ തികച്ചും ഒറ്റയ്ക്കായി പോയി .ഓൺലൈൻ ക്ലാസിനുവേണ്ടി അവന് അച്ഛനും അമ്മയും കൂടി ഒരു സ്മാർട്ട്ഫോൺ വാങ്ങി കൊടുത്തു ഒന്നു രണ്ടാഴ്ച നല്ല രീതിക്ക് പോയെങ്കിലും പിന്നീട് അങ്ങോട്ട് ഫോണിന് പതിയെ പതിയെ

അടിമപ്പെട്ടുകയായിരുന്നു. വൈകാതെ അവൻ പൂർണമായും വീഡിയോ ഗെയിംസിന് അടിമപ്പെട്ടുകയും ചെയ്തു. ഗെയിം കളിക്കുന്നതിലൂടെ സുഹൃത്തുക്കളെയും കിട്ടി. അപ്പൊ ഏതു നേരവും കളിക്കുവാൻ വേണ്ടി സമയം ചെലവഴിച്ചു ആരോടും അധികം ഒന്നും സംസാരിക്കാതെ രാത്രി എന്ന പകലൊന്നും ഇല്ലാതെ ഭക്ഷണം പോലും കഴിക്കാതെ അവൻ ഗെയിമിൽ മുഴുകിയിരുന്നു അവന്റെ അച്ഛനും അമ്മയ്ക്കും മകന്റെ ഈ അവസ്ഥയെക്കുറിച്ച് ആലോചിച്ചു വളരെയധികം വിഷമമായി ഏതാണ്ട് രണ്ട് വർഷം ആവുമ്പോഴേക്കും സ്കൂൾ തുറക്കാൻ ആയിരുന്നു ആ വാർത്ത കേട്ടത് മുതൽ തങ്ങളുടെ മകൻ ഇനി പഴയതുപോലെ ആകും എന്ന് ഓർത്ത് അവർ സന്തോഷിച്ചു എന്നാൽ ഇതൊന്നുമല്ല നടന്നത് സ്കൂളിൽ പോയപ്പോഴും അപ്പു ആരോടും അധികം ഒന്നും സംസാരിക്കാതെ ഒറ്റയ്ക്ക് തന്നെ ആയിരുന്നു അവൻ അപ്പോഴും ഗെയിം കളി തുടർന്നുകൊണ്ടേയിരുന്നു ഒരു ദിവസം ഗെയിം കളിച്ചു കിട്ടിയ ഒരു സുഹൃത്ത് അവനെ പട്ടണത്തിലേക്ക് വിളിച്ചുകൊണ്ടുപോയി. അവിടുന്ന് കുറെ പേരെ അപ്പുവിനെ പരിചയപ്പെടുത്തി കൊടുക്കുകയും ചെയ്തു. ആ സുഹൃത്താണ് എന്ന് അത്യാവശ്യം ലഹരി വിൽപ്പന്നങ്ങൾ ഉപയോഗിക്കുന്നവനായിരുന്നു അവന് അപ്പുവിനോട് ലഹരി ഒരൊറ്റ തവണ രചിച്ചു നോക്കുക എന്ന് പറഞ്ഞു സുഹൃത്തിന്റെ നിർബന്ധത്തിന് വഴങ്ങി രുചിച്ചു നോക്കി അതും കഴിഞ്ഞ് അപ്പുവിനെ എന്തൊക്കെയോ പോലെ തോന്നിയെങ്കിലും അവൻ എങ്ങനെയൊക്കെയോ വീട്ടിലെത്തി ഉടനെ തന്നെ അവൻ കിടന്നുറങ്ങുകയും ചെയ്തു അടുത്ത ദിവസം ഇതേ സമയം ആവുമ്പോഴേക്കും അപ്പുവിന് ഒന്നും കഴിയാത്ത അവസ്ഥയായി അവന്റെ കൂട്ടുകാരൻ വന്ന് തലേദിവസം കഴിച്ച അതേ സാധനം വീണ്ടും കഴിക്കാൻ കൊടുത്തു പതിയെ പതിയെ ലഹരിക്കും അടിമപ്പെട്ടുകയായി കുറച്ചു കഴിഞ്ഞപ്പോഴേക്കും കാര്യം ഗൗരവം ഉള്ളതായി മാറിയിരുന്നു ആ സമയത്താണ് പണ്ട് അപ്പുവിന്റെ സ്കൂളിൽ ഉണ്ടായിരുന്ന അദ്വൈത് എന്ന കുട്ടി അവനെ കാണുന്നത്. കണ്ടപ്പോൾ തന്നെ അദ്വന് അത്ഭുതമായി എങ്ങനെയുണ്ടായി അപ്പുവാണ് ഇപ്പോൾ ഇങ്ങനെ ഇങ്ങനെ ആയെന്ന് കുറെ അന്വേഷിച്ചു വൈകാതെ അവന് കാര്യങ്ങൾ പിടികിട്ടി അദ്വൈത അപ്പുവിനോട് സംസാരിച്ചു തുടങ്ങുകയും കൂടുതൽ അടുക്കുകയും ചെയ്തു പതിയെ പതിയെ അപ്പുവിനെ മയക്കമരുന്ന് മാരകമായ ലഹരിയിൽ നിന്നും വീഡിയോ ഗെയിം എന്ന ലഹരിയിൽ നിന്നും വഴിമാറ്റി വിടാൻ തുടങ്ങി അപ്പുവിന്റെ അമ്മയ്ക്കും അച്ഛനും എല്ലാകാര്യങ്ങളും പറഞ്ഞു മനസ്സിലാക്കി കൊടുത്തു അവരും എല്ലാത്തിനും കൂടെയുണ്ടായിരുന്നു കുറെ പേരുടെ സഹായകൻ ഒടുവിൽ അപ്പു പഴയ ജീവിതത്തിലേക്ക് തിരിച്ചു വരാൻ ഏതാണ്ട് ആറുമാസത്തോളം എടുത്തു അതൊക്കെ

കഴിഞ്ഞ് അപ്പോ വീണ്ടും നന്നായി പഠിക്കാനും നാട്ടിലും വീട്ടിൽ സ്കൂളിലും ഒക്കെ നന്നായി പെരുമാറാനും തുടങ്ങി

അപ്പോൾ ഇനി ഒരു ആപത്തനംചെന്ന് ചാടില്ല കാരണം ഇന്ന് അവന്റെ കൂടെ ഒരു ആത്മാർത്ഥ സുഹൃത്ത് ഉണ്ട്

**അഥീന ബി കൃഷ്ണ**

**9 സി**



## പുഴക്കടവിലെ സൗന്ദര്യം

പുഴയുടെ ഏകാന്തതയിൽ ഞാൻ

നോക്കി നിൽക്കവെ.....

പാടുന്നു കുയിലുകൾ മൃദുവായ രാഗങ്ങൾ

ആടുന്നു മൈലുകൾ നൃത്തച്ചുവടുകൾ

മൂളുന്നുവാ രാഗം നോക്കിനിൽക്കുന്നു ഞാൻ

ഏകാന്തതയുടെ താളങ്ങൾ മൃദുല-

സ്വരങ്ങൾ മീട്ടിയ നേരം .....

നാളികേരദ്രുമ താലപത്രാന്തരം നീട്ടിയ താളത്തിൽ

ഞാൻ മയങ്ങവേ ....

പുഴയുടെ കളകളാരവം നീട്ടിയൊരു രാഗം

ആസ്വദിച്ചുവാ താളമർമ്മരം ഞാൻ

കേൾക്കു.... ഈ രാഗ താളങ്ങൾ

ആസ്വദിച്ചാലും ......

**അമീഷ അനീഷ്**
**8 സി**



## ലഹരി അല്ല ജീവിതം ജീവിതമാണ് ലഹരി

വ്യത്യസ്ത രൂപങ്ങളിലും ഭാവങ്ങളിലും ആഗോള സമൂഹത്തിൽ ലഹരി അപകടങ്ങളെ സൃഷ്ടിക്കുന്നു 19 മുതൽ ജൂൺ 26 ലോക ലഹരി വിരുദ്ധ ദിനമായി ആചരിച്ചു വരുന്നു ലഹരി മരുന്നുകളുടെ കെണിയിൽ കൂടുതലായും ഇപ്പോൾ അകപ്പെടുന്നത് കുട്ടികളാണ് ജീവിതം തന്നെ വഴിതെറ്റിക്കുന്ന ഈ വസ്തു കേവലം കൗതുകത്തിനായി പലരും ആരംഭിക്കുന്ന ഈ ദുശ്ശീലം കാട്ടുതീയെക്കാൾ വേഗത്തിൽ വളർന്ന സമൂഹത്തെ കീഴ്പെടുത്തുകയാണ് ഒരിക്കലും തിരിച്ചു കയറാൻ പറ്റാത്ത മഹാഗർത്തലേക്കാണ് ലഹരിയുടെ ഉപയോക്താക്കൾ പതിക്കുന്നത് ലഹരിയുടെ ഉപയോഗം വ്യക്തി ജീവിതത്തെയും കുടുംബ ജീവിതത്തെയും അതിലുപരി സമൂഹത്തെ തന്നെയും ബാധിക്കുമ്പോഴാണ് പലപ്പോഴും ഗൗരവകരമായ ചിന്തകൾ ഉടലെടുക്കുന്നത് അതിനാൽ ലഹരി ഉപയോഗത്തിനെതിരെ ആളുകളിൽ പ്രചാരണം നടത്തുക എന്നത് മാത്രമല്ല ഓരോരുത്തരും ലഹരി ഉപയോഗിക്കില്ല എന്ന് ഉറച്ച തീരുമാനം കൂടി എടുക്കണം കൂട്ടായ പ്രയത്നവും ഇതിന് ആവശ്യമാണ് അതുകൊണ്ട് ലഹരിയെ ജീവിതമായി കരുതാതെ ജീവിതത്തെ ലഹരിയാക്കി മാറ്റൂ...

**അദ്വൈത**

**9 സി**



## പുതുമഴ

കാർമുകിലേ നിൻ നീല നേത്രത്തിൽ
പൊട്ടിനിറഞ്ഞൊഴുകും മഴ പെയ്തൊഴിയുമ്പോൾ
ഭൂമിയിലാകെ സുകൃതമണിയുമ്പോൾ
വേനൽതുണ്ടുകൾ ഒഴിയുമ്പോൾ
നിൻ സങ്കടമെല്ലാം അകലുമ്പോൾ
കുഞ്ഞു വിത്തുകൾ കണ്ണുതുറക്കുന്നു
വരണ്ടു പറ്റിയ ഭൂമിയെ നിൻ
അമൂല്യ ജലത്താൽ സുവൃദ്ധിയിലാഴ്ത്തുമ്പോൾ
ദാഹത്താൽ ദുഃഖിച്ചവരുടെ ദുരിതമെല്ലാം അകലുമ്പോൾ
കൃപ ചൊരിയുകയാണെൻ മനസാം മധുര ഭവനത്തിൽ
നിൻ സങ്കടമെല്ലാം അകലുന്നു
പുഴയും തോടും നിറയുകയായി
കാടും മേടും കുളിരണിയുകയായി
സന്തോഷ സാദരം ഉണരുകയായി

**അനന്യ എം**
**8 സി**



## ആ ദിവസം

അന്ന് നേരം പുലർന്നപ്പോൾ എല്ലാ ജീവജാലങ്ങളും വിറക്കുകയായിരുന്നു .പെട്ടെന്ന് ഉണ്ടായ കാലാവസ്ഥയിലെ മാറ്റവും ആയി അവർ യോജിച്ച് വരുന്നതേ ഉണ്ടായിരുന്നുള്ളൂ .ഇതേ അവസ്ഥയിൽ അമ്മ പക്ഷിയും അതിന്റെ രണ്ട് ചോര കുഞ്ഞുങ്ങളും ഒരു മരച്ചില്ലയിൽ കൂടി അകത്തിരിക്കുന്നുണ്ടായിരുന്നു മുട്ടയിൽ നിന്ന് വിരിഞ്ഞ രണ്ടുദിവസം മാത്രമായുള്ള ആ പക്ഷിക്കുഞ്ഞുങ്ങൾക്ക് അങ്ങനെ ബുദ്ധി പോലും വികസിച്ചു തുടങ്ങുന്ന പ്രായത്തിൽ ആ കുഞ്ഞുങ്ങൾ കാണുന്നത് സങ്കടകരമായ കാഴ്ചയാണ് തങ്ങളുടെ അമ്മയുടെ കണ്ണിൽ നിന്നും കണ്ണീരൊഴുകുന്നു. ഒന്നുമറിയാതെ കുഞ്ഞുങ്ങൾ അതാണ് തണുപ്പ് അമ്മയുടെ ചിറകിനടിയിൽ ഇരുന്നു ദിവസങ്ങൾ കഴിഞ്ഞുപോയി കുഞ്ഞുങ്ങൾ വലുതായി തങ്ങൾക്കും തങ്ങളുടെ അമ്മയ്ക്കും വേണ്ട തീറ്റ സ്വയം തേടാൻ പ്രാപ്തരായി അവർ അത് അമ്മയ്ക്ക് ആശ്വാസമായി. ഒരു ദിവസം അവർ രണ്ടുപേരും തങ്ങളുടെ തീറ്റ കഴിച്ച് അമ്മയ്ക്ക് വേണ്ടത് കൂട്ടിൽ കൊണ്ടുവന്നു അത് അമ്മയുടെ മുൻപിൽ വെച്ച് അവർ ചോദിച്ചു അമ്മേ ഞങ്ങൾ കുറെ കാലമായി ചോദിക്കണമെന്ന് ആഗ്രഹിക്കുന്നു അമ്മ ചോദിച്ചു എന്ത് അവർ ചോദിച്ചു അമ്മ എന്തിനാണ് എല്ലായിപ്പോഴും ഇങ്ങനെ വിഷാദ ആയിരിക്കുന്നത് അമ്മ പറഞ്ഞു ഇങ്ങനെ പറയണം എന്നറിയില്ല നിങ്ങൾക്ക് അത് എത്രത്തോളം മനസ്സിലാകും എന്നും അറിയില്ല പക്ഷേ ഞാൻ പറയാം അമ്മ പറഞ്ഞു തുടങ്ങി കുഞ്ഞുങ്ങൾ ആകാംക്ഷ പരിതരായിരുന്നു തങ്ങളുടെ അമ്മയെ ഇത്രയും കാലം അലട്ടിയ ആ കാര്യം എന്താണെന്ന് അറിയാൻ വേണ്ടി നിങ്ങൾക്കറിയാമോ ഇതുപോലെയുള്ള മഞ്ഞുകാലത്തിന്റെ അവസാനത്തിൽ ഒരു വേനൽക്കാലത്തിന്റെ ആരംഭത്തിൽ അത് സംഭവിച്ചു കുഞ്ഞുങ്ങൾ ചോദിച്ചു എന്ത് പിന്നെ നിങ്ങളുടെ അച്ഛൻ എനിക്ക് വേണ്ടി തിരുതപ്പെടാൻ പോയപ്പോൾ ഒരു കഴുകൻ അമ്മ അമ്മ പറഞ്ഞു നിർത്തിയപ്പോഴേക്കും കുഞ്ഞുങ്ങൾ കരയാൻ തുടങ്ങി അമ്മ പക്ഷി പറഞ്ഞു നിങ്ങൾ കരയരുത് തുടങ്ങിയ ദിവസം നിങ്ങൾക്ക്

അടയിരുന്ന എനിക്ക് വേണ്ടി തീറ്റ തേടാൻ നിങ്ങളുടെ അച്ഛൻ ഇറങ്ങുന്നതിനു മുമ്പ് എന്നോട് പറഞ്ഞിരുന്നു ഞങ്ങൾക്ക് എന്ത് പ്രശ്നം വന്നാലും ഞങ്ങളുടെ കുഞ്ഞുങ്ങളായ നിങ്ങൾക്ക് ഒരിക്കൽപോലും കരയേണ്ട അവസ്ഥ ഉണ്ടാകരുതെന്ന് അച്ഛൻ അമ്മയോട് പറഞ്ഞു ഇല്ല അമ്മേ അച്ഛൻ ഞങ്ങളുടെ നന്മയ്ക്ക് വേണ്ടിയല്ലേ

ആഗ്രഹിച്ചത് അതുകൊണ്ട് ഞങ്ങൾ ഇനി ഒരിക്കലും  അമ്മയ്ക്ക് സന്തോഷമായി.  പിന്നീട് അവർ കരഞ്ഞില്ല സന്തോഷത്തോടെയും സമാധാനത്തോടെയും നല്ലവരായി ജീവിച്ചു.

**സനിക കെ പി**

**8 സി**



**ശ്രീലക്ഷ്മി പി**
**9 സി**





നിധിൻ ശങ്കർ
**10 ബി**






## വീണ്ടും ഒരു മഞ്ഞു കാലം

റിയാ തന്റെ വീൽചെയറിൽ നിരങ്ങി നീങ്ങി ജനലിന്റെ അടുത്തേക്ക് എത്തി അവളുടെ സങ്കടവും സന്തോഷവും പങ്കുവയ്ക്കാനുള്ള ഒരിടമാണ് ആ ജനം ജനിക്കുമ്പോൾ തന്നെ വീൽചെയറിലാണ് അവളുടെ അമ്മയാകട്ടെ അവളെ പ്രസവിച്ചപ്പോൾ തന്നെ മരിച്ചുപോയി ഇതൊക്കെ കൊണ്ട് തന്നെ അവൾ വീട്ടുകാർക്ക് നാട്ടുകാർക്കും ഒരു ശാപകുഞ്ഞായിരുന്നു പ്രിയ എല്ലാം ഓർത്തുകൊണ്ട് നെടുവീർപ്പിട്ട് ജനലുകളുടെ കമ്പിയിൽ പറ്റിപ്പിടിച്ചിരിക്കുന്ന റിയ എല്ലാം ഓർത്തുകൊണ്ട് നെടുവീർപ്പിട്ടു ജനലുകളുടെ കമ്പിയിൽ പറ്റിപ്പിടിച്ചിരിക്കുന്ന വെള്ളത്തുള്ളികൾ വരാൻ പോകുന്ന മഞ്ഞുകാലത്തിന്റെ ഉദാഹരണമാണ് പ്രിയയുടെ അച്ഛൻ അമേരിക്കയിലാണ് അതുകൊണ്ടുതന്നെ ജീവിച്ചിരിക്കുന്നു എന്ന് പരിഗണന കൊടുത്തുകൊണ്ട് പൈസ അവളുടെ ഹോസ്റ്റലിൽ അയക്കാറുണ്ട് എന്നു എല്ലാ സങ്കടം തന്റെ കൂടെ പഠിക്കുന്ന സഹപാഠികൾ പോലും അവളെ വേണ്ടത്ര പരിഗണിക്കുന്നില്ല ഇതെല്ലാം ഓർത്തുകൊണ്ടിരിക്കുമ്പോഴാണ് പുറത്തുനിന്ന് മനോഹരമായ ഓടക്കുഴലിന്റെ നാദം കേട്ടത് അവളുടെ കൈകൾ യാന്ത്രികമായി ചലിച്ചു വീൽചെയർ ഓടക്കുഴൽ നാദത്തിനടുത്ത് എത്തി അവൾ അടുത്തു കണ്ട സിസ്റ്ററിനോട് ചോദിച്ചു ആരാണത്? അവനോ അവൻ ഇവിടെ കുട്ടികൾക്ക് ഓടക്കുഴൽ പഠിപ്പിക്കാൻ വന്നത് ഇതും പറഞ്ഞ് സിസ്റ്റർ നടന്നു നീങ്ങി അവന്റെ അടുത്ത് അവൾ തന്റെ ആഗ്രഹം ഓടക്കുഴൽ നാദത്തിന്റെ നാഥനായ അവനോട് പ്രകടിപ്പിച്ചു അവൾക്കും ഓടക്കുഴൽ പഠിക്കണമെന്ന് ആ ചെറുപ്പക്കാരൻ അത് സമ്മതിച്ചു നാളെയാണ് ക്ലാസ് അവൾക്ക് ആഹ്ലാദിക്കാൻ അത് വലിയൊരു കാരണമായിരുന്നു പലരും ഓടക്കുഴൽ വായിക്കുന്നത് കണ്ടിട്ടുണ്ടെങ്കിലും ആദ്യമായാണ് അവൾ അത് പഠിക്കാൻ പോകുന്നത്. പതിവിന് വിപരീതമായി അവൾ നേരത്തെ എഴുന്നേറ്റു ഇന്നലെ അവൻ ഇരുന്ന

സ്ഥലത്തിലെത്തി അവിടെ അവൻ കാത്തുനിൽക്കുന്നുണ്ടായിരുന്നു അവൻ പറഞ്ഞു ഞാൻ ഒരു രാഗം വായിച്ചു തരാം അത് നിങ്ങൾ കേട്ട് മനസ്സിലാക്കുക അവൻ വായിക്കാൻ തുടങ്ങി അതിമനോഹരമായിരുന്നു ആ രാഗം അവളുടെ കാലുകൾ പതിയെ ചലിക്കാൻ തുടങ്ങി അവൾ പതിയെ എഴുന്നേൽക്കാൻ ശ്രമിച്ചു ഇല്ല കഴിയുന്നില്ല ദിനങ്ങൾ വീണ്ടും കടന്നുപോയി അവൾക്ക് പതിയെ മാറ്റം വരാൻ തുടങ്ങിയിരിക്കുന്നു മെഡിക്കൽ സയൻസിനു പോലും വിശ്വസിക്കാൻ കഴിയാത്ത മാറ്റമാണ് അവൾക്കുണ്ടായത് എഴുന്നേറ്റ് രണ്ട് അടി നടന്നു പിറ്റേന്നാണ് അവൾ തന്നെ ഇഷ്ടം അവനോട് പറയാൻ പോകുന്നത് അവൾ ഇരിക്കാറുള്ള പതിവ് സ്ഥലത്ത് പക്ഷേ പതിവിനെ വിരിതമായി അവൻ അവിടെ ഇല്ലായിരുന്നു പിന്നീട് ഒരിക്കലും ആരും അവനെ കണ്ടില്ല അപ്പോഴാണ് അവൾക്ക് മനസ്സിലായത് മഞ്ഞുകാലത്തോടൊപ്പം അവനും പോയിരിക്കുന്നു .

**ആഷിത്ത്**
**8 എ**



**വിഷ്ണുപ്രിയ ടി കെ**
**10 എ**



# THE DARKNESS



I thought you would always
Stay with me
I got dream when you come to life
But my heart clenched when you
lives me in the dark
You know I’m scared of dark
But you made my life more darkness
I was a flower which was always
happy to grow up fastly
But in the end it started to wither
I was like a sun who brights and shines
For now it look like a dark cloud
with heavy rain started to come
in my eyes but I can’t it hurt’s
my heart
I just need someone to make me smile
The veins which break downed need to
heal with love.

**JIYA RANJITH**
**9C**